## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 641 28.02. 2017 ൽ മറുപടിക്ക്

### നാഷണൽ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് പ്രമോഷനും ഇൻക്രിമെന്റും

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കഴിഞ്ഞ നാഷണൽ ഗെയിംസിൽ മെഡൽ നേടിയ ടീമിലെ അംഗങ്ങളും വൈദ്യുതി വകുപ്പിലെ ജീവനക്കാരുമായ കായികതാരങ്ങൾക്ക് പ്രഖ്യാപിച്ചിരുന്ന പ്രമോഷനും ഇൻക്രിമെന്റും അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (എ) 35 -ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനു വേണ്ടി മെഡലുകൾ നേടിയ സർക്കാർ/ എയ്ഡഡ് സ്ഥാപനത്തിലെ ജീവനക്കാരായ കായിക താരങ്ങൾക്ക് 09.02.2016-ലെ സ.ഉ. (കൈ) നം.11/16/കാ.യു.വ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് ഉത്തരവിട്ടിരുന്നു. മേൽ ആനുകൂല്യം 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനു വേണ്ടി മെഡൽ നേടിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.<br><br>അതേത്തുടർന്ന്, പ്രസ്തുത ശിപാർശ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കണക്കിലെടുക്കുകയും ബോർഡിലെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് 35 -ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനു വേണ്ടി മെഡൽ കരസ്ഥമാക്കിയ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ കായികതാരങ്ങൾക്ക് അഡ്വാൻസ് ഇൻക്രിമെന്റിനു തുല്യമായ തുക ക്യാഷ് അവാർഡായി നൽകുന്നതിന് ഉത്തരവിടുകയും പ്രസ്തുത അവാർഡ് തുക നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ